നം. എ-147/2022

താലൂക്ക് ആശുപത്രി,
തിരുവല്ല, പിൻ - 689101
Mail ID: thqhtvl@gmail.com
Phone: 0469 2602494
തീയതി: 06/05/2022.

# പുനർ ലേലപരസ്യം

വിഷയം:- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി തിരുവല്ല -ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പുനർലേലം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- 1. നം.എസ്.എഫ്.പി.എ2-424/2022/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം തീയതി .22/4/2022.
2. 26/04/2022ലെ ഈ സ്ഥാപനത്തിലെ ഇതേ നമ്പർ ലേലപ്പരസ്യം.

തിരുവല്ല താലൂക്ക് ആശുപത്രി വളപ്പിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഒരു വേപ്പ്, അരയാഞ്ഞലി, 3 വട്ട എന്നീ മരങ്ങൾ മുറിച്ചുമാറ്റി ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിന് 12/05/2022ന് 11 മണിക്ക് ആശുപത്രിയിൽ വച്ച് പുനർ ലേലം നടത്തുന്നതായിരിക്കും.

മരം മുറിക്കുന്ന വേളയിൽ സമീപത്തു നിൽക്കുന്ന വൃക്ഷത്തൈകൾ നശിച്ചു പോകാതെ ശ്രദ്ധിക്കേണ്ടതും വൃക്ഷത്തിൽ മുട്ടകളോ കുഞ്ഞുങ്ങളോടോ കൂടിയ പക്ഷികൂടുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം മരംമുറിക്കുന്നതിന് മുമ്പായി വനംവകുപ്പ് അധികൃതരെ സൂപ്രണ്ട് വഴി അറിയിക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 500/- രൂപ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ലേലം സ്ഥിരപ്പെടുത്തുന്നതും ലേലത്തുകയുടെ 5 ശതമാനം വനം വികസനനികുതിയും നിയമാനുസൃതമായി ജി.എസ്.റ്റി മറ്റ് നികുതികളും ഉൾപ്പെടെ മുഴുവൻ സംഖ്യയും അപ്പോൾ തന്നെ ഓഫീസിൽ അടക്കേണ്ടതും മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ചു മാറ്റി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതുമാണ്.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്.

1. നോട്ടീസ് ബോർഡ്.
2. മുൻസിപ്പൽ ഓഫീസ്, തിരുവല്ല
3. വില്ലേജ് ഓഫീസ്
4. താലൂക്ക് ഓഫീസ്
5. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട
6. ഫയൽ/സ്റ്റോക്ക് ഫയൽ.